ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 13.02.2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറ് പ്രക്ഷുബ്ധം. ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടം പൂർത്തിയാക്കി ലോക്സഭ പിരിഞ്ഞു. രാജ്യസഭയിൽ നടപടികൾ പുരോഗമിക്കുന്നു.
   **Lok Sabha has been adjourned for recess to meet again on 9th of next month. Proceedings are underway in Rajya Sabha.**

2. ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിന്റെ അനാച്ഛാദനം പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം നിർവഹിക്കും.
   **Prime Minister Narendra Modi will unveil the name of the building complex Seva Teerth in New Delhi today.**

3. വികസിത ഭാരതം എന്ന ലക്ഷ്യത്തിനായി സംഭാവന നൽകാൻ യുവതലമുറ യ്ക്ക് സാധിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ.
   **Kerala Governor Rajendra Viswanath urged the youth to contribute towards achieving Viksit Bharat.**

4. അടുത്ത അധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെയും, സൗജന്യ കൈത്തറി യൂണിഫോമിൻറെയും വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

**Kerala CM Pinarayi Vijayan inaugurated the distribution of text book for the next academic year and free handloom uniforms in Thiruvananthapuram**

5. **ഇന്ന് ലോക റേഡിയോ ദിനം . വിദൂര ഗ്രാമങ്ങളിലെയും തിരക്കേറിയ നഗരങ്ങളിലെയും ജനങ്ങളുടെ വിശ്വസനീയമായ ശബ്ദമാണ് റേഡിയോ എന്ന് പ്രധാനമന്ത്രി.**

   **World Radio Day being observed across the globe today. PM Modi stated that World Radio Day celebrates a medium that serves as a trusted voice for people, whether in remote villages or bustling cities.**

6. **ഐ.സി.സി പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഓസ്ട്രേലിയ സിംബാബ്‌വെയെ നേരിടുന്നു.**

   **In the ICC Men's T20 Cricket World Cup, Zimbabwe have set a target of 170 runs for Australia.**

****************************

## LS – ADJOURN (INTRO)

ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം പൂർത്തിയാക്കി ലോക്സഭ പിരിഞ്ഞു. വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഇന്നും പ്രക്ഷുബ്ധമായിരുന്നു. സഭാനടപടികൾ ആദ്യം 12 മണി വരെ നിർത്തിവച്ചെങ്കിലും ബഹളം തുടർന്ന സാഹചര്യത്തിൽ പിരിയുകയായിരുന്നു. ചോദ്യോത്തരവേള ആരംഭിച്ചെങ്കിലും ബഹളത്തെ തുടർന്ന് പൂർത്തിയാക്കാൻ സാധിച്ചില്ല. സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കിയ കോൺഗ്രസ്, ഡിഎംകെ, തൃണമൂൽ അംഗങ്ങളെ പിന്തിരിപ്പിക്കാൻ പ്രിസൈഡിങ്ങ് ഓഫീസർ ശ്രമിച്ചെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. അന്തരിച്ച മുൻ എംപി ഭഗവാൻ ദാസ് റാത്തോറിന് ലോക്സഭ ഇന്ന് ചരമോപചാരം അർപ്പിച്ചു.

(ഹോൾഡ്)

****************************

## RAJYA SABHA

രാജ്യസഭയിൽ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേൽ പാർലമെൻറംഗങ്ങൾ രേഖപ്പെടുത്തിയ നന്ദി സ്വീകരിച്ചുകൊണ്ടുള്ള ശ്രീമതി ദ്രൗപദി മുർമുവിൻറെ സന്ദേശം ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ സഭയിൽ വായിച്ചു. കഴിഞ്ഞ മാസം 28 നാണ് രാഷ്ട്രപതി പാർലമെൻറിൻറെ ഇരു സഭകളെയും അഭിസംബോധന ചെയ്തത്. പാർലമെൻറ് ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടത്തിന് ഇന്ന് സമാപനമാവും. അടുത്ത മാസം 9 മുതൽ ഏപ്രിൽ 2 വരെയാണ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടം.

***************************

## PRIME MINISTER – SEVATHEERTH

ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിന്റെ അനാച്ഛാദനം പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം നിർവഹിക്കും. പ്രധാനമന്ത്രിയുടെ ഓഫീസ്, ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റ്, കാബിനറ്റ് സെക്രട്ടേറിയറ്റ് തുടങ്ങിയവയാണ് സേവാ തീർത്ഥിൽ പ്രവർത്തിക്കുന്നത്. തുടർന്ന് സുപ്രധാന മന്ത്രാലയങ്ങളെ ഉൾക്കൊള്ളുന്ന കർത്തവ്യ ഭവൻ ഒന്നും രണ്ടും പ്രധാനമന്ത്രി ഔപചാരികമായി ഉദ്ഘാടനം ചെയ്യും. വൈകുന്നേരം സേവാ തീർത്ഥിൽ നടക്കുന്ന പൊതുപരിപാടിയെയും ശ്രീ.മോദി അഭിസംബോധന ചെയ്യും.

***************************

## RADIO DAY (INTRO)

ഇന്ന് ലോക റേഡിയോ ദിനം. 1946 ഫെബ്രുവരി 13 ന് ഐക്യരാഷ്ട്രസഭ റേഡിയോ പ്രക്ഷേപണം ആരംഭിച്ചതിന്റെ സ്മരണാർഥമാണ് ദിനാചരണം. **ഒരു റിപ്പോർട്ട്..**

**( വോയ്സ്)**

## RADIO DAY (VOICE)

റേഡിയോയും നിർമിത ബുദ്ധിയും : AI ഒരു ഉപകരണമാണ്, ശബ്ദമല്ല എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് ഇക്കുറി ലോക റേഡിയോ ദിനം ആഘോഷിക്കുന്നത്. റേഡിയോ പ്രക്ഷേപണം കൂടുതൽ ഫലപ്രദമാക്കുന്നതിൽ എഐയുടെ സാധ്യതകൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് വിലയിരുത്തുകയാണ് ഇതിൻറെ ലക്ഷ്യം. എഐ ഒരു സഹായ സംവിധാനം മാത്രമാണെന്നും, മനുഷ്യ ശബ്ദത്തിനും, എഡിറ്റോറിയൽ തീരുമാനങ്ങൾക്കും ബദൽ അല്ലെന്നുമുള്ള സന്ദേശം കൂടി ഇത് മുന്നോട്ട് വയ്ക്കുന്നു. ഛത്തീസ്ഗഡിൽ ആകാശവാണി റായ്പൂർ, യുനെസ്കോയുമായി സഹകരിച്ച് ലോക റേഡിയോ ദിന കോൺക്ലേവ് ഇന്ന് സംഘടിപ്പിച്ചിട്ടുണ്ട്. പ്രക്ഷേപണ മേഖലയിൽ നിർമിത ബുദ്ധിയുടെ വർദ്ധിച്ചുവരുന്ന പങ്കിനെ കുറിച്ച് കോൺക്ലേവ് ചർച്ച ചെയ്യും. 1936 ലാണ് ബഹുജന ഹിതായ, ബഹുജന സുഖായ" എന്ന ആപ്തവാക്യവുമായി ആകാശവാണി വൈവിധ്യമാർന്ന പരിപാടികളിലൂടെ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ ജൈത്ര യാത്ര ആരംഭിച്ചത്. ഭാഷാവൈവിധ്യത്താലും, ശ്രോതാക്കളുടെ വിപുലമായ സാന്നിധ്യത്താലും ലോകത്തിലെ ഏറ്റവും വലിയ പ്രക്ഷേപണ സ്ഥാപനങ്ങളിൽ ഒന്നാണ് ആകാശവാണി. ന്യൂസ് ഡസ്ക്, ആകാശവാണി

****************************

## VP – RADIO DAY

ലോക റേഡിയോ ദിനത്തിൽ, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ റേഡിയോ ശ്രോതാക്കൾക്കും പ്രക്ഷേപണ മേഖലയെ ശക്തിപ്പെടുത്താൻ പ്രവർത്തിക്കുന്ന എല്ലാവർക്കും ആശംസകൾ നേർന്നു. തലമുറകൾക്ക് അറിവും ശബ്ദവും പകർന്ന റേഡിയോ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും പോഡ്കാസ്റ്റുകളിലൂടെയും ഇന്നും ഈ ലക്ഷ്യം നിറവേറ്റുന്നതായി ഉപരാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു.

***************************

## PM-RADIO DAY

ലോക റേഡിയോ ദിനത്തിൽ ആശംസകൾ നേർന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി വിദൂര ഗ്രാമങ്ങളിലെയും തിരക്കേറിയ നഗരങ്ങളിലെയും ജനങ്ങൾക്കിടയിൽ ഒരുപോലെ വിശ്വസനീയമായ ശബ്ദമായി റേഡിയോ പ്രവർത്തിക്കുന്നതായി അഭിപ്രായപ്പെട്ടു. മൻ കി ബാത്തിലൂടെ റേഡിയോയുടെ സാമൂഹിക ശക്തി തനിക്ക് അനുഭവിക്കാൻ സാധിച്ചെന്നും അദ്ദേഹം പറഞ്ഞു. ഈ മാസം 22 ലെ മൻ കി ബാത്ത് പരിപാടിയ്ക്കായി പ്രധാനമന്ത്രി ശ്രോതാക്കളെ ക്ഷണിക്കുകയും ചെയ്തു. സാധാരണക്കാരിലേക്ക് വാർത്തകളും വിവരങ്ങളും എത്തിക്കുന്നതിൽ റേഡിയോ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുഗൻ ലോക റേഡിയോ ദിന സന്ദേശത്തിൽ പറഞ്ഞു

***************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

***************************

## CORRESPONDENT APPOINTMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ ഈ മാസം 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്തിന്

10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in/pb_vacancies/ എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

****************************

## GOVERNOR

2047-ൽ വികസിത ഭാരതം എന്ന ലക്ഷ്യത്തിനുള്ള സംഭാവനകൾ നൽകാൻ യുവതലമുറയ്ക്ക് സാധിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. കൊല്ലം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രഥമ ബിരുദ ദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രിമാരായ ആർ. ബിന്ദു, ജെ.ചിഞ്ചുറാണി, കെ എൻ ബാലഗോപാൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

****************************

## TEXTBOOK DISTRIBUTION (INTRO)

അടുത്ത അധ്യയന വർഷത്തെ പാഠപുസ്തകം, സൗജന്യ കൈത്തറി യൂണിഫോം തുടങ്ങിയവയുടെ വിതരണത്തിന് സംസ്ഥാനത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്കുള്ള പാഠപുസ്തകങ്ങളാണ് വിതരണം ചെയ്യുന്നത്. അവധിക്കാലത്ത് കളികൾക്കൊപ്പം അൽപ സമയം അടുത്ത അധ്യയന വർഷത്തേക്കുള്ള പാഠങ്ങൾ നോക്കാൻ കൂടി വിനിയോഗിക്കണമെന്ന് മുഖ്യമന്ത്രി കുട്ടികളോട് പറഞ്ഞു .

(വോയ്സ്)

****************************

## RBI-AGRICULTURAL LOAN

കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ പുതുക്കിയ കരട് മാനദണ്ഡങ്ങൾ റിസർവ് ബാങ്ക് പുറപ്പെടുവിച്ചു. മണ്ണ് പരിശോധന, കാലാവസ്ഥാ പ്രവചനം, ജൈവ സർട്ടിഫിക്കേഷൻ തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങൾക്കുള്ള ചിലവുകൾ കൂടി കാർഷിക വായ്പ പരിധിയിൽ ഉൾപ്പെടുത്താൻ പുതുക്കിയ മാനദണ്ഡത്തിൽ നിർദ്ദേശിക്കുന്നു. രണ്ട് ലക്ഷം വരെയുള്ള കാർഷിക വായ്പകളുടെ ഈടുമായി ബന്ധപ്പെട്ട് ചില ഇളവുകളും കരടിൽ പറയുന്നുണ്ട്. ഹ്രസ്വ കാല, ദീർഘകാല വിളകളെ നിർണയിക്കുന്നതിൽ പൊതുവായ മാനദണ്ഡവും ഇതിൽ മുന്നോട്ട് വയ്ക്കുന്നു.

****************************

## AMIT SHAH VISIT -TN

രണ്ട് ദിവസത്തെ സന്ദർശനത്തിനായി മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് തമിഴ്നാട്ടിൽ എത്തും . തിരുച്ചിയിൽ എൻഡിഎ സഖ്യത്തിന്റെ സീറ്റ് വിഭജന ചർച്ചകളിൽ അദ്ദേഹം പങ്കെടുക്കും. നാളെ കാരയ്ക്കലിൽ നടക്കുന്ന യോഗത്തിൽ അദ്ദേഹം ബിജെപി പ്രവർത്തകരെ അഭിസംബോധന ചെയ്യും.

****************************

## T20 CRICKET

ഐ.സി.സി പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ് ആദ്യ മത്സരത്തിൽ ഓസ്ട്രേലിയ സിംബാബ്‌വെയെ നേരിടുന്നു. ടോസ് നേടിയ ഓസിസ് സിംബാബ്‌വെയെ ബാറ്റിംഗിന് അയച്ചു. മൂന്ന് മണിക്ക് നടക്കുന്ന രണ്ടാം മത്സരത്തിൽ കാനഡ- യു.എ.ഇ യെയും, രാത്രി 7 ന് നടക്കുന്ന മത്സരത്തിൽ യു.എസ്.എ - നെതെർലാൻഡ്സിനെയും നേരിടും.

****************************

## BANGLADESH - PRIME MINISTER

ബംഗ്ലാദേശിലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടിയെ നിർണായക വിജയത്തിലേക്ക് നയിച്ച താരിഖ് റഹ്മാന് അഭിനന്ദനങ്ങൾ അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ബംഗ്ലാദേശിലെ ജനങ്ങൾ താരിഖ് റഹ്മാന്റെ നേതൃത്വത്തിന് അർപ്പിക്കുന്ന വിശ്വാസമാണ് ഈ വിജയം കാണിക്കുന്നതെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. രാവിലെ 9.30 വരെ യുള്ള കണക്കനുസരിച്ച് ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി 181 മണ്ഡലങ്ങളിലാണ് മുന്നിൽ നിൽക്കുന്നത്. ബംഗ്ലാദേശ് ജമാഅത്തെ ഇസ്ലാമിയും സഖ്യകക്ഷികളും 61 സീറ്റിൽ മുന്നിലെത്തിയപ്പോൾ, നാഷണൽ സിറ്റിസൺ പാർട്ടി ആറ് സീറ്റുകൾ നേടി.

****************************

## SHE BOX-CONFERENCE

വനിതാശിശു മന്ത്രാലയം സംഘടിപ്പിക്കുന്ന 'തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ സംബന്ധിച്ച ദേശീയ സമ്മേളനം ' ഷി -ബോക്സ് നാളെ ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടക്കും . എല്ലാ മേഖലകളിലും സുരക്ഷിതവും മാന്യവുമായ തൊഴിലിടങ്ങളൊരുക്കുക ലക്ഷ്യമിട്ടുള്ളതാണ് സമ്മേളനം . കേന്ദ്രമന്ത്രി അന്നപൂർണ ദേവിയും , കേന്ദ്രസഹമന്ത്രി സാവിത്രി ഠാക്കൂറും ഉൾപ്പെടെയുള്ള പ്രമുഖർ സമ്മേളനത്തിൽ സംബന്ധിക്കും .

****************************

## SIR

സംസ്ഥാനത്ത് തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഹിയറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക്. 101 നിയോജക മണ്ഡലങ്ങളിൽ ഇതിനോടകം

ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

***************************

## TRUMP-IRAN

ആണവ വിഷയത്തിൽ അമേരിക്കയുമായി കരാറിലെത്തിക്കാൻ സാധിച്ചില്ലെങ്കിൽ ഇറാന് ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്ന് മുന്നറിയിപ്പ് നൽകി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുമായി വൈറ്റ് ഹൗസിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് ട്രംപിൻറെ പ്രതികരണം .ഇറാനുമായുള്ള ചർച്ചകൾ അടുത്ത മാസത്തിനുള്ളിൽ ഫലപ്രാപ്തിയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നതായും ട്രംപ് കൂട്ടിച്ചേർത്തു.

***********************************************************************************